# തലശ്ശേരി അതിരൂപത


## വിശ്വാസപരിശീലന കേന്ദ്രം (ബുള്ളറ്റിൻ ഒക്ടോബർ 2015)

Ph : 0490 2344430, E-mail : catechesistly@gmail.com


"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
(ലൂക്ക 2:52)

### 1. അസൈൻമെന്റ് ക്ലാസ് - XII

ഈ അധ്യയനവർഷത്തെ XII-ാം ക്ലാസ് കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 31**നാണ്. ഇക്കാര്യം കുട്ടികളെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കൂടാതെ താഴെകൊടുത്തിരിക്കുന്ന **മൂന്ന് അദ്ധ്യായങ്ങളെപ്പറ്റിയുള്ള വിഷയവിവരണം 6 പേജ് ഉണ്ടായിരിക്കണം** 10 പേജിൽ അധികമാകരുത്. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ബുള്ളറ്റിൻ കാണുക.

**വിഷയം: "ജീവൻ ദൈവികദാനം"**

അധ്യായങ്ങൾ 1. ജീവൻ ദൈവികദാനം 2. ജീവനെതിരെയുള്ള വെല്ലുവിളികൾ 3. ജീവനെ സംബന്ധിച്ചുള്ള കത്തോലിക്കാ സഭയുടെ നിലപാട്.

### 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

2015-16 അധ്യയന വർഷം ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികളുടെ രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിൽ കൃത്യമായി പൂരിപ്പിച്ച് 2 കോപ്പികൾ നവംബർ 15-ന് മുമ്പ് ഓഫീസിൽ എത്തിക്കുക. കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ഒറിജിനൽ കോപ്പി എഴുതുന്നതിനുമുമ്പ് കുട്ടികളെ കാണിച്ച് തിരുത്തലുകൾ വരുത്തേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്ട്രേഷൻ ഫോം കൃത്യസമയത്ത് നൽകുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ അയച്ചു തരുകയുള്ളൂ. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. ശ്രദ്ധിക്കുക: സ്റ്റാർചിഹ്നം കൊടുത്തിരിക്കുന്ന കോളത്തിൽ എഴുതാൻ പാടില്ല.

### 3. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2016 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. കൂടാതെ ഈ വർഷത്തെ റെഗുലർകുട്ടികളുടെ രജിസ്റ്റർ നമ്പറിനു താഴെ രണ്ട് കോളം വിട്ടതിനുശേഷം ഇംപ്രൂവ്മെന്റ് നടത്തുന്ന കുട്ടികളുടെ പേര് ചേർക്കുകയും റിമാർക്ക് കോളത്തിൽ ഇംപ്രൂവ്മെന്റ് എന്ന് എഴുതുകയും ചെയ്യണം. ഇക്കാര്യം പള്ളിയിൽ നേരത്തെ അറിയിച്ച് രജിസ്ട്രേഷന് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

### 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഈകാര്യത്തെകുറിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിൽ ചേർക്കേണ്ടതാണ്. അവരും അസൈൻമെന്റ് എഴുതേണ്ടതാണ്.

### 5. ധ്യാനം : ക്ലാസ് XII (*TESTES DOMINI*) നവംബർ 13-15

അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ അറിയിച്ചിരുന്നതുപോലെ പഠനത്തിന്റെ ഭാഗമായി XII-ാം ക്ലാസിലെ കുട്ടികളെ 'കർത്താവിന് സാക്ഷികളായിത്തീരുവാൻ' ഒരുക്കുന്നതിനുവേണ്ടി ഈ വർഷം മദർ ഹോമിൽവച്ച് ***TESTES DOMINI*** എന്ന പേരിൽ പൊതുവായ ധ്യാനമാണുള്ളത്. അടുത്ത ധ്യാനം **നവംബർ 13,14,15 തീയതി**കളിലായി **പേരാവൂർ, വായാട്ടുപറമ്പ്, തോമാപുരം** തുടങ്ങിയ ഫൊറോനകളിലെ കുട്ടികൾക്കായി മദർ ഹോമിൽ വച്ച് നടത്തുന്നു. **13ന് വെള്ളിയാഴ്ച്ച രാവിലെ 9.30ന് ആരംഭിച്ച് 15ന് 1 മണിക്ക് ധ്യാനം അവസാനിക്കും.** ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലെയും കുട്ടികളെ ധ്യാനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ധ്യാന ഫീസ്

300 രൂപ. ഹെഡ്മാസ്റ്റർമാർ ഈ വിവരം കുട്ടികളെ നേരത്തെ അറിയിച്ച് ധ്യാനത്തിനായ് അവരെ ഒരുക്കുമല്ലോ. എല്ലാ കുട്ടികളും നിർബന്ധമായും ഈ ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. കൂടാതെ ധ്യാനം സംബന്ധിച്ചുള്ള വിവരങ്ങൾ പള്ളിയിൽ മാതാപിതാക്കന്മാരെകൂടി അറിയിക്കാൻ ബഹു. വികാരിയച്ചന്മാരെ ഓർമ്മപ്പെടുത്തുകയും ചെയ്യുക.

**6. രാജത്വതിരുനാൾ – നവംബർ 22**

മിശിഹായുടെ രാജത്വതിരുനാൾ ദിനമായ നവംബർ 22-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**7. സീറോമലബാർ പ്രതിഭാസംഗമം 2015**

2011 അധ്യായന വർഷം മുതൽ ഓരോ രൂപതയിൽനിന്നും തിരഞ്ഞെടുക്കുന്ന 12-ാം ക്ലാസ് വിശ്വാസപരിശീലനം നടത്തുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുക്കുന്നു. മുൻ വർഷങ്ങളിൽ രൂപതാതലത്തിൽ നടത്തിയ ശിൽപശാലയിൽ കുട്ടികളുടെ പങ്കാളിത്തം കുറവായിരുന്നതുകൊണ്ട് കഴിഞ്ഞ വർഷം മുതൽ ഓരോ ഫൊറോന കേന്ദ്രീകരിച്ചാണ് കുട്ടികളെ തിരഞ്ഞെടുത്തയക്കുന്നത്. 2015 ഡിസംബറിൽ മൗണ്ട് സെന്റ് തോമസിൽവച്ച് നടക്കുന്ന പ്രതിഭാസംഗമത്തിലേക്ക് ആലക്കോട് ഫൊറോനയിൽനിന്ന് തിരഞ്ഞെടുക്കുന്നവരെയാണ് അയ്ക്കുക. ഒക്ടോബർ 22-ന് ആലക്കോട് ഫൊറോനയിൽവച്ച് നടത്തുന്ന ശില്പശാലയിലേക്ക് പ്രസ്തുത ഫൊറോനയിലെ എല്ലാ ഇടവകകളിൽനിന്നും ആത്മീയ കാര്യങ്ങളിലും പഠനത്തിലും മികവു പുലർത്തുന്ന മൂന്ന് ആൺകുട്ടികളെയും മൂന്ന് പെൺകുട്ടികളെയും അയയ്ക്കേണ്ടതാണ്. ശില്പശാല രാവിലെ 9.30ന് ആരംഭിച്ച് 3.30 ന് അവസാനിക്കുന്നതായിരിക്കും. കുട്ടികൾ ഉച്ചഭക്ഷണം കരുതേണ്ടതാണ്. ഹെഡ്മാസ്റ്റർമാർ ബഹു. വികാരിയച്ചനും ക്ലാസ് ടീച്ചറുമായി സംസാരിച്ച് കുട്ടികളെ തെരഞ്ഞെടുത്തയക്കുമല്ലോ.

**8. കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർവില, ബുള്ളറ്റിൻ**

2015-2016 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, അതിരൂപതാ ബുള്ളറ്റിൻ, എന്നിവയുടെ തുകകൾ നവംബർ 30ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന പുതിയ അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**9. വെബ് സൈറ്റ് (catechismthalassery.org)**

വിശ്വാസ പരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ് സൈറ്റിൽ ഒക്ടോബർ 30നകം മുഴുവൻ അധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങളും ഓണപരീക്ഷയുടെ മാർക്കും (തുടർന്ന് ബാക്കി പരീക്ഷകളുടെയും) ചേർക്കേണ്ടതാണ്.

**10. ഡയറക്ടറച്ചന്റെ സന്ദർശനം**

വെണ്ണക്കല്ല്, വാണിയപ്പാറ എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ